**524**

മനമേ ലേശവും കലങ്ങേ മനുവേൽ സകലവുമറിയുന്നു
മന്നിൽ വന്നു പ്രാണനെ തന്നോൻ കരുതിക്കൊള്ളും നിൻവഴികൾ

1 കടലല കു ഭ്രമിക്കേ കാറ്റാലുള്ളം പതറേ
കടലിൻമീതെ നടന്നവൻ നിന്നെ കരുതിക്കൊള്ളും കണ്മണിപോൽ-

2 മരുവിൽ പൊള്ളും ചുടുവെയിലിൽ വരളും നാവിനു നീരേകാൻ
മാറയെ മധുരമായ് മാറ്റിയ നാഥൻ മതി നിൻ സഖിയായീ മരുവിൽ-

3 അരിനിര മുന്നിൽ നിരന്നാലും അഭയം തന്നവനിനിമേലും
അല്ലും പകലും തുമ്പമകറ്റി അമ്പോടു പോറ്റിടുമത്ഭുതമായ്-

4 യോർദ്ദാൻ തുല്യം ശോധനയും തീർന്നങ്ങക്കരെയെത്തുമ്പോൾ
പ്രതിഫലം കുൾ നിർവൃതികൊള്ളും പ്രിയനെ കുൾപളകം കൊള്ളും-

**G.P.**